**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3012** **03-08-2021 - ൽ മറുപടിയ്ക്ക്**

**കിടാരി പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുണമേന്മയുള്ള കറവപ്പശുക്കളെ പ്രാദേശികമായി ലഭ്യമാക്കുവാനായി ക്ഷീരവികസന വകുപ്പ് സ്ഥാപിച്ച കിടാരി പാർക്കുകൾ അതിന്റെ പൂർണ്ണമായ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ? | (എ) | ഉണ്ട്.ക്ഷീരമേഖലയിൽ ഭാവിയിലേയ്ക്ക് ആവശ്യമായ കാലിസമ്പത്ത് സംസ്ഥാനത്ത് തന്നെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷം മുതൽ കിടാരി പാർക്ക് പദ്ധതിക്ക് തുടക്കമിട്ടു. നിലവിൽ 4 കിടാരി പാർക്കുകളിലായി 300 കിടാരികളെ വളർത്തുന്നു. ശാസ്ത്രീയപരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽ നിന്ന് ആരോഗ്യകരവും അത്യുല്പാദനശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ പദ്ധതി സഹായിക്കുന്നു. നാളിതുവരെ 4 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 68.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കിടാരികൾ പ്രസവിച്ച കറവപശുക്കൾ ആകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കർഷകർക്ക് മിതമായ വില ഈടാക്കി നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ